"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - വണ്ടൂർ അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിന്റെ സുഗമമായ നടത്തിപ്പിന് നിലവിലുള്ള ഏരിയ ഉപയോഗിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.403/2024/WCDD തീയതി,തിരുവനന്തപുരം, 16-10-2024

---

പരാമർശം:- 1. വനിത ശിശു വികസന ഡയറക്ടറുടെ 22.11.2023 ലെ DWCD/2542/2023-JCDSB5 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വണ്ടൂർ അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസ് ശ്രീമതി ബേബി സജ്നയുടെ ഉടമസ്ഥതയിലുള്ള TRG512D നമ്പർ വാടക കെട്ടിടത്തിലാണ് 01/01/2017 മുതൽ പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിക്കുന്നതിലേക്ക് പിഡബ്ല്യുഡി ക്ക് അപേക്ഷ സമർപ്പിച്ചപ്പോൾ ഓഫീസ് പ്രവർത്തിക്കുന്നത് അഡ്മിസിബിൾ ഏരിയയേക്കാൾ കൂടുതൽ ഏരിയയിലാണെന്നും അധികമുള്ള ഏരിയയുടെ ആവശ്യകത സംബന്ധിച്ച് ഭരണവകുപ്പിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കണമെന്നും അറിയിച്ചതായും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്. വണ്ടൂർ അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ് കെട്ടിടത്തിന്റെ Admissible Area 93.09 മീറ്റർ സ്ക്വയർ ആണ്. 93.09 മീറ്റർ സ്ക്വയർ ഏരിയയുടെ വാടകയായ 13,019/- രൂപ വനിതാ ശിശു വികസന വകുപ്പിൽ നിന്നും പ്രതിമാസം നൽകി വരുന്നുണ്ട്. പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നത് 101.35 മീറ്റർ സ്ക്വയർ ഏരിയയിൽ ആയതിനാൽ പ്രസ്തുത ഏരിയയ്ക്ക് (101.35 മീറ്റർ സ്ക്വയർ) വാടക അംഗീകരിച്ചു ലഭിക്കണമെന്ന് മലപ്പുറം പ്രോഗ്രാം ഓഫീസർ ആവശ്യപ്പെട്ടിട്ടുള്ളതായും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

വണ്ടൂർ അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിന്റെ സുഗമമായ നടത്തിപ്പിന് നിലവിലുള്ള ഏരിയ അത്യാവശ്യമാണെന്ന് പ്രോഗ്രാം ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും വണ്ടൂർ അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിന്റെ കീഴിലുള്ള തുക്കലങ്ങോട്, തിരുവാലി, പാണ്ടിക്കാട് എന്നീ പഞ്ചായത്തുകളിലായി 128 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും കൂടാതെ കാര്യാലയത്തിൽ 5-സൂപ്പർവൈസർ, 1-സീനിയർ ക്ലാർക്ക്, 1-ടൈപ്പിസ്റ്റ്, 1- ഓഫീസ് അറ്റൻഡന്റ്, 1-കാഷ്വൽ സ്വീപ്പർ, സൈക്കോ സോഷ്യൽ പദ്ധതിക്കു കീഴിലുള്ള കൗൺസിലർമാർ, ഒരു എൻ.എൻ.എം സ്റ്റാഫ്, ഡ്രൈവർ എന്നിവരും ടി ഓഫീസിൽ ജോലി ചെയ്യുന്നുണ്ടെന്നും വണ്ടൂർ അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള അങ്കണവാടികൾക്ക് എല്ലാ വർഷവും പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ, അങ്കണവാടി കണ്ടിജൻസി സാധനങ്ങൾ എന്നിവ സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം വാങ്ങി വിതരണം

ചെയ്യേണ്ടതുള്ളതിനാലും പ്രോജക്ട് തലത്തിലോ പഞ്ചായത്ത് തലത്തിലോ പർച്ചേസ് ചെയ്യുന്ന ഇത്തരം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സ്റ്റോറേജ് ഏരിയ അത്യാവശ്യമാണെന്നും അതു കൂടാതെ ഓഫീസിൽ ഫീഡിംഗ് റൂമും പ്രവർത്തിക്കുന്നുണ്ടെന്നതിനാലും മലപ്പുറം ജില്ലയിലെ വണ്ടൂർ അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസിന്റെ സുഗമമായ നടത്തിപ്പിനും മറ്റും നിലവിൽ ഉപയോഗിച്ചു വരുന്ന ഏരിയ (101.35 മീറ്റർ സ്ക്വയർ) അത്യാവശ്യമായതിനാൽ അധികമുള്ള ഏരിയ ഉപയോഗിക്കുന്നതിനുള്ള ആവശ്യകത സാക്ഷ്യപത്രം അനുവദിച്ച് തരുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് വനിത ശിശു വികസനഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വണ്ടൂർ അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിന്റെ സുഗമമായ നടത്തിപ്പിന് നിലവിലുള്ള ഏരിയ അത്യാവശ്യമാണെന്ന വനിതാശിശു വികസന ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്ന 101.35 മീറ്റർ സ്ക്വയർ ഏരിയ ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത ഏരിയ ഉപയോഗപ്പെടുത്തി നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ അധികമായി occupy ചെയ്തിട്ടുള്ള ഏരിയയുടെ വാടക സാക്ഷ്യപത്രം ഉൾപ്പെടെയുള്ള വാടക നിർണ്ണയ പ്രൊപോസൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 17-10-2024 10:35:56